# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1755** 10.02.2020 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിലെ അദാലത്ത് നടത്തുന്നതിലെ ചട്ടലംഘനം

*ചോദ്യം* *ഉത്തരം*

**ശ്രീ. പാറക്കൽ അബ്ദുല്ല**

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിൽ അദാലത്ത് നടത്താൻ ഉന്നതവിദ്യാഭ്യാസ വകുപ്പമന്ത്രിയും ഓഫീസും നേരിട്ട് ഇടപെട്ടതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി രേഖകളിൽനിന്നും വ്യക്തമാകുകയുണ്ടായോ; | (എ), | സർവ്വകലാശാലകളിൽ തീർപ്പാകാതെ കിടന്ന ഫയലുകളിൽ തീരുമാനമെടുക്കുന്നതിനായി ഫയൽ അദാലത്ത് നടത്തുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ സർവ്വകലാശാലകൾക്ക് നൽകിയിരുന്നു എന്ന് രേഖകളിൽ നിന്ന് വ്യക്തമായിട്ടുണ്ട്. |
| (ബി) | മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കഴിഞ്ഞ ഫെബ്രുവരി രണ്ടിനു നൽകിയ കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് അദാലത്ത് തീരുമാനിച്ചതെന്നും ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിമാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതെന്നുമുള്ള ആക്ഷേപങ്ങൾ പരിശോധിക്കുകയുണ്ടായോ; | (ബി) | പരിശോധിക്കുകയുണ്ടായി. |
| (സി) | മന്ത്രിയുടെ നിർദ്ദേശം എന്ന നിലയിൽ പ്രൈവറ്റ് സെക്രട്ടറി നൽകിയ കുറിപ്പിലെ ഒമ്പതു നിർദ്ദേശങ്ങൾ ഒരുമാറ്റവും വരുത്താതെയാണ് പ്രിൻസിപ്പൽ സെക്രട്ടറി പ്രത്യേക സർക്കുലറാക്കി കാലിക്കറ്റ്, എം.ജി., കണ്ണൂർ, കുസാറ്റ് തുടങ്ങിയ സർവ്വകലാശാലാ രജിസ്ട്രാർമാർക്കയച്ചതെന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ; ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ആക്ഷേപമായി കരുതുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | മന്ത്രിക്ക് ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയോട്ട നിർദ്ദേശിക്കാം എന്നല്ലാതെ സർവ്വകലാശാലകളെ സംബന്ധിക്കുന്ന ഒരു വിഷയത്തിലും നേരിട്ട് ഉത്തരവോ കുറിപ്പോ ഇറക്കാൻ പാടില്ലെന്ന് നിയമം അനുശാസിക്കുന്നുണ്ടോ; എങ്കിൽ, മന്ത്രിയുടെ നടപടി ചട്ടലംഘനമായി സർക്കാർ കാണുന്നുണ്ടോ? | (ഡി) | ഇക്കാര്യത്തിൽ മന്ത്രി ഉത്തരവിട്ടിട്ടുണ്ട്. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.